**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1121** **18-09-2025 - ൽ മറുപടിയ്ക്ക്**

**ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ തകർന്ന അപ്രോച്ച് റോഡ് പുനർനിർമ്മിക്കുന്നതിനും റെഗുലേറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുമായി സമർപ്പിച്ച എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ആറ്റപ്പിള്ളിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം 2008-ൽ ആരംഭിക്കുകയുണ്ടായി. 2012-ൽ പാലം നിർമ്മാണം പൂർത്തിയായെങ്കിലും, സാങ്കേതിക പ്രശ്നങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളും കാരണം തുടർപ്രവർത്തനങ്ങൾ നിലച്ചു. തുടർന്ന് 2016-ൽ പ്രവൃത്തികൾ പുനരാരംഭിക്കുകയും, 2019 ൽ ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തു. 2018 ലെ പ്രളയത്തിലും, 2019 ലെ മഹാപ്രളയത്തിലും പുഴയുടെ അടിത്തട്ടിലെ ശക്തമായ നീരൊഴുക്കുമൂലം ഉണ്ടായ വ്യതിയാനങ്ങൾ എത്രമാത്രമാണെന്ന് കണ്ടെത്തുന്നതിനായി കെ.ഇ.ആർ.ഐ (KERI) പീച്ചി യുടെ നേതൃത്വത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. 2021 ൽ മറ്റത്തൂർ ഭാഗത്ത് അപ്രോച്ച്റോഡിൽ നിന്നും മണ്ണ് ഊർന്നു പോയി റോഡിൽ (ഇടതുകരയോട് ചേർന്ന ഭാഗം) ഗർത്തങ്ങൾ രൂപപ്പെട്ടിരുന്നു. അപ്രോച്ച് റോഡ് തകർന്നതിനെത്തുടർന്ന് 2021 മുതൽ ഗതാഗതം പൂർണ്ണമായി നിരോധിക്കപ്പെട്ടു. ഏപ്രണിന്റെയും പൈൽ കേപ്പിന്റെയും അടിയിലും വെൽ ഫൗണ്ടേഷന്റെ ഇടയ്ക്കും ഉണ്ടായ മണ്ണൊലിപ്പും കാലാവസ്ഥ വ്യതിയാനം മുഖേനയുള്ള മാറ്റങ്ങളും ഉൾപ്പെടെ നിലവിലുള്ള മറ്റ് പ്രശ്നങ്ങൾ പരിശോധിക്കുവാനും ആറ്റപ്പിള്ളി ആർ.സി.ബി യുടെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഒരു സാങ്കേതിക വിദഗ്ധ സമിതിയെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നമ്പർ 625/2023/ജ.വി.വ തീയതി 12.07.2023 പ്രകാരം നിയോഗിക്കുകയും പ്രസ്തുത സമിതിയുടെ ശുപാർശകൾ പ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്താൻ കെ.ഇ.ആർ.ഐ (KERI) പീച്ചിയെ ചുമതലപ്പെടുത്തുകയും ആയതു |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുകയും ചെയ്തു. കമ്മിറ്റിയുടെ ശുപാർശകൾക്കനുസൃതമായി, ആർ.സി.ബി യുടെയും അപ്രോച്ച് റോഡിന്റെയും ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള ഡിസൈൻ ഐ.ഡി.ആർ.ബി തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 1390 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. സർക്കാർ പരിശോധിച്ച് വരികയുമാണ്. |
| (ബി) | 2025-26 വർഷ ബജറ്റിന്റെ ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചതിനനുസൃതമായി ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റേയും നിർമ്മാണത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ആറ്റപ്പിള്ളിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം 2008-ൽ ആരംഭിക്കുകയുണ്ടായി. 2012-ൽ പാലം നിർമ്മാണം പൂർത്തിയായെങ്കിലും, സാങ്കേതിക പ്രശ്നങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളും കാരണം തുടർപ്രവർത്തനങ്ങൾ നിലച്ചു. തുടർന്ന് 2016-ൽ പ്രവൃത്തികൾ പുനരാരംഭിക്കുകയും, 2019 ൽ ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തു. 2018 ലെ പ്രളയത്തിലും, 2019 ലെ മഹാപ്രളയത്തിലും പുഴയുടെ അടിത്തട്ടിലെ ശക്തമായ നീരൊഴുക്കുമൂലം ഉണ്ടായ വ്യതിയാനങ്ങൾ എത്രമാത്രമാണെന്ന് കണ്ടെത്തുന്നതിനായി കെ.ഇ.ആർ.ഐ (KERI) പീച്ചി യുടെ നേതൃത്വത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. 2021 ൽ മറ്റത്തൂർ ഭാഗത്ത് അപ്രോച്ച്റോഡിൽ നിന്നും മണ്ണ് ഊർന്നു പോയി റോഡിൽ (ഇടതുകരയോട് ചേർന്ന ഭാഗം) ഗർത്തങ്ങൾ രൂപപ്പെട്ടിരുന്നു. അപ്രോച്ച് റോഡ് തകർന്നതിനെത്തുടർന്ന് 2021 മുതൽ ഗതാഗതം പൂർണ്ണമായി നിരോധിക്കപ്പെട്ടു. ഏപ്രണിന്റെയും പൈൽ കേപ്പിന്റെയും അടിയിലും വെൽ ഫൗണ്ടേഷന്റെ ഇടയ്ക്കും ഉണ്ടായ മണ്ണൊലിപ്പും കാലാവസ്ഥ വ്യതിയാനം മുഖേനയുള്ള മാറ്റങ്ങളും ഉൾപ്പെടെ നിലവിലുള്ള മറ്റ് പ്രശ്നങ്ങൾ പരിശോധിക്കുവാനും ആറ്റപ്പിള്ളി ആർ.സി.ബി യുടെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഒരു സാങ്കേതിക വിദഗ്ധ സമിതിയെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നമ്പർ 625/2023/ജ.വി.വ തീയതി 12.07.2023 പ്രകാരം നിയോഗിക്കുകയും പ്രസ്തുത സമിതിയുടെ ശുപാർശകൾ പ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്താൻ കെ.ഇ.ആർ.ഐ (KERI) പീച്ചിയെ ചുമതലപ്പെടുത്തുകയും ആയതു പൂർത്തിയാക്കുകയും ചെയ്തു. കമ്മിറ്റിയുടെ ശുപാർശകൾക്കനുസൃതമായി, ആർ.സി.ബി യുടെയും അപ്രോച്ച് റോഡിന്റെയും ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള ഡിസൈൻ ഐ.ഡി.ആർ.ബി തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | 1390 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. സർക്കാർ പരിശോധിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ